# വിവിധ തരം പട്ടയങ്ങൾ

സ്ഥലം വാങ്ങുന്നതിനായി സന്തോഷ് അഡ്വാൻസ് കൊടുത്തത് സ്ഥലത്തിന് പട്ടയം ഉണ്ട് എന്ന് അറിഞ്ഞിട്ടായിരുന്നു. പട്ടയം ലഭിച്ചിട്ടുണ്ടെങ്കിൽ പിന്നെ കൂടുതലൊന്നും അന്വേഷിക്കേണ്ടതില്ല എന്നായിരുന്നു സന്തോഷിന്റെ ധാരണ. എന്നാൽ പട്ടയങ്ങൾ വിവിധ തരത്തിലുണ്ടെന്ന് സന്തോഷിന് അറിയില്ലായിരുന്നു. സന്തോഷ് വാങ്ങാനുദ്ദേശിച്ച സ്ഥലത്തിന്റെ പട്ടയം കുറേ വർഷത്തേക്ക് കൈമാറാൻ പാടില്ലാത്ത പട്ടയമായിരുന്നു.

**കേരളീയരുടെ കൈവശത്തിൽ കാണുന്ന ചില പ്രധാന പട്ടയങ്ങളുടെ വിവരങ്ങൾ:**

| പട്ടയത്തിന്റെ തരം | പട്ടയം ലഭിക്കുന്നത് ആർക്ക് | പട്ടയം അനുവദിക്കുന്ന അധികാരി | കൈമാറ്റം ചെയ്യാവുന്നതാണോ ആണെങ്കിൽ എത്ര വർഷത്തിന് ശേഷം |
|---|---|---|---|
| കൈവശക്കാർക്ക് ഭൂപരിഷ്കരണ നിയമ പ്രകാരം നൽകുന്ന പട്ടയം (റൂൾ 14 പ്രകാരം) | 1-4-1964 നോ അതിന് മുമ്പോ സ്ഥലം കൈവശം വെച്ചുവന്നിരുന്നവർക്ക് | ലാന്റ് ട്രൈബ്യൂണൽ | കൈമാറ്റം സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകളൊന്നുമില്ല. എപ്പോൾ വേണമെങ്കിലും കൈമാറ്റം ചെയ്യാം |
| അസൈൻമെന്റ് പട്ടയം | സ്വന്തമായി ഭൂമിയില്ലാത്തവർക്ക് | തഹസിൽദാർ | 25 വർഷത്തേക്ക് കൈമാറാനാവില്ല. |
| മിച്ചഭൂമി പട്ടയം (ഫോറം-20) | സ്വന്തമായി ഭൂമിയില്ലാത്തവർക്ക് (മിച്ചഭൂമിയായി സർക്കാർ പിടിച്ചെടുത്ത ഭൂമി പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട പട്ടയം) | തഹസിൽദാർ | 20 വർഷത്തേക്ക് കൈമാറാനാവില്ല. (ഗവ. 129/09/RD നമ്പർ സർക്കാർ ഉത്തരവ്) |
| **Zero Landless Citizens Kerala 2015** പദ്ധതിയിലൂടെ നൽകുന്ന പട്ടയം | സ്വന്തമായി ഭൂമിയില്ലാത്തവർക്ക് (സർക്കാരിന്റെ ഭൂമി 3 സെന്റ് വീതം പതിച്ചു നൽകുമ്പോൾ നൽകുന്ന പട്ടയം.) ഇതും അസൈൻമെന്റ് പട്ടയമാണ്. | തഹസിൽദാർ | 25 വർഷത്തേക്ക് കൈമാറാനാവില്ല |

**Lalith Babu, Palakkad**